പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 837 8.03.2012 ൽ മറുപടിയ്ക്ക്

ആർ.ടി.ഓഫീസുകളിൽ നിന്നും രേഖകൾ അയയ്ക്കുന്ന സംവിധാനം

ചോദ്യം

ശ്രീ.ജെയിംസ് മാത്യു

ഉത്തരം

വി.എസ്.ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആർ.ടി.ഓഫീസുകളിൽ നിന്ന് അപേക്ഷകർക്കും, അപേക്ഷകരിൽ നിന്ന് തിരിച്ചും രേഖകൾ അയയ്ക്കുന്നതിന് നിലവിലുള്ള സംവിധാനമെന്ത്; | (എ) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ അപേക്ഷകർക്ക് നേരിട്ടും ഓൺലൈൻ വഴിയും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്നും രേഖകൾ അപേക്ഷകന് നേരിട്ട് കൈപ്പറ്റാവുന്നതാണ്. സ്പീഡ് പോസ്റ്റ് വഴിയും രജിസ്റ്റേർഡ് പോസ്റ്റ് വഴിയും രേഖകൾ അയയ്ക്കുന്ന സമ്പ്രദായവും നിലവിലുണ്ട്. |
| (ബി) | രജിസ്റ്റേർഡ് തപാലിലൂടെ മാത്രമേ രേഖകൾ ബന്ധപ്പെട്ട വ്യക്തികൾക്കും, തിരിച്ചും അയയ്ക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ; | (ബി) | ഇല്ല. എന്നാൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷകൾ പോസ്റ്റ് വഴിയോ, ഓൺ ലൈൻ വഴിയോ മാത്രമേ സമർപ്പിക്കുവാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനങ്ങൾക്ക് ശേഷം അപേക്ഷകന് സ്പീഡ് പോസ്റ്റ് വഴി രേഖകൾ അയച്ചു കൊടുക്കുന്നതാണ്. |
| (സി) | വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റുമായി ഇടനിലക്കാർ ഇപ്പോഴും സജീവമായി ഇടപെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ ഇടനിലക്കാരുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തപാൽ സമ്പ്രദായത്തിനു പുറമെ ഓൺ ലൈൻ സമ്പ്രദായവും, ഫാസ്റ്റ് ട്രാക്ക് സംവിധാനവും നിലവിൽ വന്നതോടുകൂടിയും വിജിലൻസ് |

| | | | |
|---|---|---|---|
| | | | ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അടിസ്ഥടിയുള്ള പരിശോധനകളുടെ ഫലമായും ഇടനിലക്കാരുടെ ഇടപെടലിൽ കുറവ് വന്നിട്ടുണ്ട്. |
| (ഡി) | വാഹന ഡീലർമാർ, ഫിനാൻസ് സ്ഥാപനങ്ങൾ എന്നിവ ആർ.ടി. ഓഫീസുകളിലും ജോയിന്റ് ആർ.ടി. ഓഫീസുകളിലും അനധികൃതമായി ഇടപെടുന്നത് തടയാൻ സംവിധാനമുണ്ടാക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ ? | (ഡി) | വാഹന ഡീലർമാർക്ക് ഓഫീസിൽ വരാതെ തന്നെ ഓൺ ലൈൻ അപേക്ഷാ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സിസ്റ്റവും നിലവിലുണ്ട്. അനധികൃതമായി ഇടപെടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ